(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

ശുദ്ധജലം കുപ്പികളിലാക്കി വിൽക്കാൻ പദ്ധതി

8 (*774) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണ കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ശുദ്ധജലം കുപ്പികളിലാക്കി വിൽക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് പദ്ധതി ഉണ്ടോ ;

(ബി) എങ്കിൽ കേരളത്തിൽ എവിടെയൊക്കെ ഫ്രാഞ്ചിസികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) പ്രതിദിനം എത്ര ലിറ്റർ ജലം ഇത്തരത്തിൽ വിൽപന നടത്താനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കാമോ ;

(ഡി) ഇതിലൂടെ പ്രതിവർഷം എത്രരൂപയുടെ ആദായം പ്രതീക്ഷിക്കുന്നുണ്ടെന്നു അറിയിക്കാമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന്റെയും അധിക വിഭവ സമാഹരണത്തിന്റെയും ഭാഗമായി ശുദ്ധീകരിച്ച ജലം കുപ്പിയിലും കന്നാസിലുമായി വിൽക്കുന്നതിനുള്ള ഒരു പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റി രൂപം നൽകുകയും സർക്കാരിന്റെ അനുമതിയോടെ നടപ്പിലാക്കാൻ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതി സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ബി) തീരുമാനം എടുത്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മത്സ്യമേഖലയുമായി ബന്ധപ്പെട്ട ക്ഷേമ പ്രവർത്തനങ്ങൾക്കായി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ

9 (*775) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യമേഖലയുമായി ബന്ധപ്പെട്ട ക്ഷേമ പ്രവർത്തനങ്ങൾക്കായി എത്ര സ്ഥാപനങ്ങളാണ് സർക്കാരിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നത് ;

(ബി) ഈ സ്ഥാപനങ്ങൾക്ക് ഒരു ഏകീകൃത സ്വഭാവം നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly